"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ശ്രീ.രാജേഷ്ബാബു ആർ ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ KS&SSRs Part II ചട്ടം 28 (b)(i)(7) യുടെ ചുവടെയുള്ള കുറിപ്പ് (iii) പ്രകാരം നൽകിയ താൽക്കാലിക പ്രമോഷൻ 27.11.2023 തീയതി മുതൽ റഗുലറൈസ് ചെയ്തും ടി തസ്തികയുടെ ശമ്പളവും ആനുകൂല്യങ്ങളും 01.12.2023 മുതൽ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.146/2024/POWER തീയതി,തിരുവനന്തപുരം, 05-08-2024

---

പരാമർശം:-

1. സ.ഉ.(സാധാ.) നം. 91/2023/പവർ തീയതി: 26.05.2023.
2. സ.ഉ.(സാധാ.) നം.98/2023/പവർ തീയതി: 02.06.2023.
3. സ.ഉ.(സാധാ.) നം.119/2023/പവർ തീയതി: 26.06.2023.
4. സ.ഉ.(സാധാ.) നം.207/2023/പവർ തീയതി: 24.11.2023.
5. സ.ഉ.(സാധാ.) നം.211/2023/പവർ തീയതി: 27.11.2023.
6. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 08.12.2023 തീയതിയിലെ ഇ2-16866/2022/സി.ഇ.ഐ, 26.02.2024 തീയതിയിലെ ഇ2-10761/2022/സി.ഇ.ഐ നമ്പർ കത്തുകൾ.

**ഉത്തരവ്**

(1) കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സോമൻ കെ.കെ-ക്ക് പരാമർശം 1. പ്രകാരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം നല്കിയിരുന്നു. ടിയാൻ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റ് ടിയാനെ ഒന്നാം പ്രതിയായി വി.സി.08/2023/കെ.ടി.എം. നമ്പർ വിജിലൻസ് ട്രാപ് കേസ് രജിസ്റ്റർ ചെയ്യുകയും ടിയാനെ അറസ്റ്റ് ചെയ്യുകയും ചെയ്തതിനാൽ പരാമർശം 2. ഉത്തരവ് പ്രകാരം ടിയാന് വേലവിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. അതിനെ തുടർന്ന് ശ്രീ.സോമൻ കെ.കെ.-ക്ക് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ പരാമർശം 1. പ്രകാരം നിയമിച്ച നടപടി പരാമർശം 3. പ്രകാരം റദ്ദ് ചെയ്ത് ഉത്തരവായിരുന്നു. അപ്രകാരം നിലവിൽ വന്ന ഒഴിവിൽ ശ്രീ.രാജേഷ് ബാബു ആർ-ന് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ KS&SSRs Part II ചട്ടം 28 (b)(i)(7) യുടെ ചുവടെയുള്ള കുറിപ്പ് (iii) പ്രകാരം താൽക്കാലിക പ്രമോഷൻ നൽകിക്കൊണ്ട് പരാമർശം 5. പ്രകാരം ഉത്തരവായിരുന്നു.

(2) വകുപ്പിൽ ഏറ്റവും സീനിയർ ആയ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.വിനോദ് ജി-ക്ക് പരാമർശം 4. പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുകയും ടിയാൻ 25.11.2023 A.N-ന് വിടുതൽ ചെയ്യുകയും ചെയ്തതു വഴി 26.11.2023 മുതൽ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവ് ഉണ്ടായ തീയതിയായ 26.11.2023 മുതൽ ശ്രീ.രാജേഷ്ബാബു ആർ-ന് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ KS&SSRs Part II ചട്ടം 28 (b)(i)(7) യുടെ ചുവടെയുള്ള കുറിപ്പ് (iii) പ്രകാരം താൽക്കാലിക പ്രമോഷൻ നൽകിയത് ക്രമവത്ക്കരിക്കണമെന്ന് പരാമർശം 6. പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാജേഷ് ബാബു.ആർ-ന് റഗുലർ പ്രൊമോഷൻ നൽകുന്നതിന്, ടിയാന് താൽക്കാലിക പ്രൊമോഷൻ നൽകിയ തീയതിയ്ക്ക് മുൻപ് ഒഴിവു നിലവിലുണ്ടെന്നതിനാൽ (26.11.2023-ൽ), ടിയാന് പരാമർശം 5. പ്രകാരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലേക്ക് നല്കിയ താൽക്കാലിക പ്രൊമോഷൻ ഉത്തരവ് തീയതിയായ 27.11.2023 മുതൽ റഗുലറൈസ് ചെയ്തുകൊണ്ടും അതിനെത്തുടർന്നുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ, കെ.എസ്.ആർ ഭാഗം I ലെ ചട്ടം 23 (എ) പ്രകാരം ടിയാൻ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച 01.12.2023 മുതൽ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHY C S
ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീ.രാജേഷ്ബാബു.ആർ., ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 06-08-2024 10:46:28

സെക്ഷൻ ഓഫീസർ